നിലയിൽ, നഴ്സറിവിദ്യാഭ്യാസം സംബന്ധിച്ച സർക്കാർ ഉത്തരവ് അഭിനന്ദനമർഹിക്കുന്നു. അടുത്ത വിദ്യാഭ്യാസവർഷത്തിൽ കേരളത്തിലൊട്ടാകെ സർക്കാർവക 153 പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കുന്നതാണെന്ന മന്ത്രിയുടെ പ്രസ്താവന വളരെ പ്രാധാന്യമുള്ള ഒന്നാണ്. ആദ്യമായാണല്ലോ വിദ്യാഭ്യാസത്തിന്റെ ഈ മേഖലയിൽ കേരള സർക്കാർ പ്രവേശിക്കുന്നത്. മാതൃകായോഗ്യമാംവിധം നടത്താൻ കഴിഞ്ഞാൽ സർക്കാർ നഴ്സറിസ്കൂളുകൾ കേരളത്തിലെ നഴ്സറി വിദ്യാഭ്യാസത്തിൽ ആരോഗ്യകരമായ സ്വാധീനം ചെലുത്താതിരിക്കുകയില്ല.

പ്രൈമറി ഹെൽത്ത് സെന്ററുകൾപോലെതന്നെ പ്രാധാന്യമുള്ളവയാണ് നഴ്സറിസ്കൂളുകളും. തങ്ങളുടെ അധികാരാതിർത്തികൾക്കുള്ളിൽ നഴ്സറിസ്കൂളുകൾ നടത്തുന്നതിന്റെ ചുമതല നമ്മുടെ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ—കോർപ്പറേഷനുകളും, മുനിസിപ്പാലിററികളും, പഞ്ചായത്തുകളും—ഏറെറടുക്കണം. ഇതിനുള്ള മാർഗങ്ങൾ ആരായുന്നതിനു് കാലവിളംബം വരുത്തുന്നതു് ക്ഷന്തവ്യമല്ല.

(19 മാർച്ച്, 1984)

## 98. മദ്ധ്യവേനൽ അവധി

മദ്ധ്യവേനൽ അവധി ഇപ്പോൾ മിക്ക കുടുംബങ്ങൾക്കും ഒരു സ്വപ്നം മാത്രമായി കഴിഞ്ഞിട്ടുണ്ട്. മാർച്ച് അവസാനത്തോടെ എസ്. എസ്. എൽ. സി. പരീക്ഷ കഴിയും; സ്കൂളുകൾ അടയ്ക്കുകയുംചെയ്യും. ഇതിനു് അർത്ഥം, പക്ഷേ, അവധി ആരംഭിക്കുന്നു എന്നല്ല. മിക്ക വീടുകളിലുമുണ്ടാവും പ്രീഡിഗ്രി ക്ലാസ്സിലോ, ഡിഗ്രി ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികൾ. അവരുടെ പരീക്ഷകൾ ചിലപ്പോൾ, ജൂലൈ—ആഗസ്റ്റ്‌വരെ നീണ്ടുപോവും. അവ തീരുമ്പോഴേക്ക് സ്കൂളുകൾ തുറന്നു പുതിയ വിദ്യാലയവർഷം ആരംഭിച്ചുമിരിക്കും. ഫലം: അച്ഛനും അമ്മയ്ക്കും കുട്ടികൾക്കും ഒരുമിച്ച്, നിത്യപരിചിതങ്ങളായ പരിസരങ്ങളിൽനിന്ന് ഒന്നോ, രണ്ടോ ആഴ്ച വിട്ടുനിൽക്കാൻ സമയം കിട്ടുന്നില്ല.

നമ്മുടെ സർവകലാശാലകൾ വിലപ്പെട്ട പലതും നശിപ്പിച്ചിട്ടുണ്ട്. സർവകലാശാലകൾ നശിപ്പിച്ചവയുടെ കൂട്ടത്തിൽ ഏററവും വിലപ്പെട്ട ഒന്നു് കുടുംബങ്ങൾക്കു കിട്ടിയിരുന്ന മദ്ധ്യവേനലവധിയാണ്. പരിപാടിയനുസരിച്ച് നിശ്ചിതദിവസങ്ങളിൽ പരീക്ഷകൾ നടത്തി അവസാനിപ്പിക്കുന്നതിനു കഴിവില്ലാത്തതുനിമിത്തമാണ് സർവകലാശാലകൾ മദ്ധ്യവേനലവധിയിൽ കൈയേററം നടത്തിത്തുടങ്ങിയതു്. ഇപ്പോൾ അവധി ഇല്ലാതായതുമാത്രം മിച്ചം; പരീക്ഷകളുടെ നടത്തിപ്പ് പഴയപടിതന്നെ.

പരീക്ഷകൾ നടത്തുന്നതിൽ ഇങ്ങനെ കുററകരമായി അമാന്തം പ്രദർശിപ്പിക്കുന്നതുമൂലം സർവകലാശാലകൾ കോടിക്കണക്കിനു വിദ്യാർത്ഥികൾക്ക് നികത്താനാവാത്ത നഷ്ടം വരുത്തുന്നുണ്ട്. വിദ്യാഭ്യാസത്തിലെ ഒരു ഘട്ടം കഴിഞ്ഞു് മറെറാരു ഘട്ടത്തിൽ പ്രവേശിക്കുന്നതിനിടയ്ക്ക് അവർക്ക് മാസങ്ങൾ, ചിലപ്പോൾ കൊല്ലങ്ങൾതന്നെ, പാഴായിപ്പോകുന്നു. പരീക്ഷ കഴിഞ്ഞു് ഒരു തൊഴിലിൽ പ്രവേശിക്കണമെന്നു കരുതുന്നവർക്കും ഇങ്ങനെ അപരിഹാര്യമായ സമയനഷ്ടം സംഭവിക്കുന്നുണ്ട്.

പരീക്ഷ നടത്തിപ്പിൽ സർവകലാശാലകൾ കാര്യക്ഷമത വീണ്ടെടുക്കും വരെ ഈ നഷ്ടം തുടർന്നുപോവുകയുംചെയ്യും.

പരീക്ഷകൾ നടത്തുന്നതിൽ കാര്യക്ഷമത വീണ്ടെടുക്കാൻ കഴിയുമോ? 'കഴിയും' എന്ന് ഉറപ്പിച്ച് ഉത്തരം പറയാം. കാരണം, സർവകലാശാലാ പരീക്ഷകളേക്കാൾ കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന എസ്. എസ്. എൽ. സി. പരീക്ഷ ഏറെക്കുറെ കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ടല്ലോ.

കേരളത്തിലെ ഇക്കൊല്ലത്തെ എസ്. എസ്. എൽ. സി. പരീക്ഷ തന്നെ എടുക്കുക. ആയിരത്തെണ്ണൂറൊറൊന്നു കേന്ദ്രങ്ങളിലായി അഞ്ചു ലക്ഷത്തിപ്പതിനാറായിരത്തിലേറെ കുട്ടികൾ ഈ പരീക്ഷയ്ക്കിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ നാല്പതിനായിരത്തോളം പരീക്ഷാർത്ഥികൾ ഇത്തവണ കൂടുതലായിരുന്നു.

ഇങ്ങനെയൊരു പരീക്ഷ നടത്തുന്നതിന് എത്ര വിപുലമായ സംഘടന വേണമെന്നു പറയേണ്ടതില്ലല്ലോ. മുപ്പത്തയ്യായിരത്തോളം ആളുകൾ, ചുമതലയുടെ പല തലങ്ങളിൽ, നിയമിക്കപ്പെട്ടിരുന്നു. ഉത്തരമെഴുതാനായി അറുപത്തിമൂന്നു ലക്ഷം ഉത്തരപ്പുസ്തകങ്ങളും ഒരു കോടി ഇരുപത്താറു ലക്ഷം അഡീഷണൽ ഷീററുകളും തയ്യാറാക്കിയിരുന്നുവത്രേ. പരീക്ഷ പോലെതന്നെ സങ്കീർണമായ ഒരു പ്രക്രിയയാണ് ഉത്തരക്കടലാസ് നോക്കി മാർക്കിടലും. പതിനയ്യായിരത്തിലേറെ ആളുകളുടെ സേവനം ഇതിനാവശ്യമായി വരുമത്രേ. 36 സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച്, ഒരു യജ്ഞമെന്ന നിലയിലാണ് ഈ പ്രക്രിയ നിർവഹിക്കപ്പെടുന്നതു്.

വിദ്യാഭ്യാസവകുപ്പ് പ്രസ്താവ്യമായ കാര്യക്ഷമതയോടെയും, ആക്ഷേപങ്ങൾ പരമാവധി കുറയുമാറും, ഈ പ്രവർത്തനം ഇപ്പോഴും നിർവ്വഹിച്ചുവരുന്നുണ്ട്. അവർ വിജയിക്കുന്ന ഒരു രംഗത്തിൽ സർവകലാശാലകൾ പരാജയപ്പെടുന്നതു് എന്തുകൊണ്ടാണ്?

കാരണം എന്തുമാവട്ടെ, ഫലം, സർവകലാശാലാപരീക്ഷകൾ അറുതിയില്ലാതെ നീണ്ടുപോകുന്നു എന്നതാണ്. പരീക്ഷാനടത്തിപ്പിൽ ഇത്രയേറെ അഴിമതി കുമിഞ്ഞുകൂടുന്നതിനുള്ള ഒരു ഹേതു വിവിധ ഘട്ടങ്ങളിൽ സംഭവിക്കുന്ന ഈ കാലതാമസമാകുന്നു. പക്ഷേ, എന്തു ചെയ്യാം? പരീക്ഷയുമായി ബന്ധപ്പെട്ട മൂന്നു ഘടകങ്ങളും—സർവകലാശാല, അദ്ധ്യാപകർ, വിദ്യാർത്ഥികൾ—ഒരുപോലെ പരീക്ഷകൾ നീട്ടി നീട്ടിക്കൊണ്ടു പോകുന്നതിൽ തല്പരരായാണു കാണപ്പെടുന്നതു്.

ഇതിൻെറ ഒരു സാമൂഹ്യഫലനമത്രെ കുടുംബങ്ങൾക്കു മദ്ധ്യവേനലവധി ഇല്ലാതായതു്.

കൂട്ടുകുടുംബങ്ങൾ ഇന്നില്ല. ഉള്ളതു ചെറിയ 'അണുകുടുംബ'ങ്ങളാണ്. അച്ഛനും മിക്കപ്പോഴും അമ്മയും, പണിയെടുക്കുന്നു. പണി അത്രയൊന്നും പ്രയാസമുള്ളതല്ലായിരിക്കാം. പല സർക്കാരാപ്പീസുകളിലുമെന്നപോലെ, നിശ്ചിത സമയങ്ങളിൽ ഹാജർ വയ്ക്കുക, കാൻറീൻ സന്ദർശിക്കുക, കസേരയിൽ ഇരുന്ന് ഉറങ്ങുക മുതലായവയിൽ മിക്കപ്പോഴും ഒതുങ്ങിനില്ക്കുന്നതാവാം അതു്. വീട്ടിൽനിന്ന് ആപ്പീസിലും തിരികെ വീട്ടിലും എത്തുകയെന്ന യാതന, ഏതായാലും ഒഴിവാക്കാനാവില്ലല്ലോ.

എത്രതന്നെ ആയാസരഹിതമെങ്കിലും, അനുസ്യൂതവും ഏകരൂപവുമായ ജോലി ആരേയും മടുപ്പിക്കും. മനസ്സുഖത്തെ മാത്രമല്ല ദേഹാരോഗ്യത്തെയും അതു ബാധിക്കും. ആറു ദിവസം പണിയെടുത്താൽ (പണിയെടുത്തില്ലെങ്കിലും) ഏഴാം ദിവസം വിശ്രമിക്കുന്നതു നല്ലതാണ്. പതിനൊന്നു മാസം ജോലിയെടുത്തവർക്കു പന്ത്രണ്ടാമത്തെ മാസം വിശ്രമിക്കാൻ അവകാശമുണ്ട്.

പരീക്ഷ നടത്തുന്നതിലുള്ള സർവകലാശാലകളുടെ പിടിപ്പുകേട് നശിപ്പിച്ചുകളഞ്ഞിട്ടുള്ളതു് ഈ മൗലികാവകാശത്തെയാണ്.

വ്യവസായവൽകൃതരാജ്യങ്ങളിൽ ആളുകൾ ജീവിക്കുന്നതുതന്നെ ആണ്ടിലൊരു മാസം ശമ്പളത്തോടെ കിട്ടുന്ന അവധിക്കുവേണ്ടിയാണെന്നു തോന്നും. ഇക്കാര്യത്തിൽ മുതലാളിത്തരാജ്യങ്ങളും കമ്യൂണിസ്റ്റ്രാജ്യങ്ങളും തമ്മിൽ ഭേദമില്ല. അവധിക്കാർക്കുവേണ്ടിയുള്ള വിശ്രമ-വിനോദ കേന്ദ്രങ്ങൾക്ക് അവിടെ യാതൊരു ക്ഷാമവുമില്ല.

വിശ്രമമെന്നതിന് ഒന്നും ചെയ്യാതിരിക്കൽ എന്നർത്ഥമില്ല. മററു കാലങ്ങളിൽ സാധാരണയായി ചെയ്യാത്ത ചിലതു ചെയ്യൽ എന്നേ അതിനർത്ഥമുള്ളു. പലരും പ്രധാനപ്പെട്ട പല കാര്യങ്ങളും ചെയ്യുന്നതു് ഒഴിവുകാലത്താണ്.

വായന, എഴുത്തു്, തോട്ടപ്പണി, വീടുപുതുക്കൽ, ബന്ധുക്കളെ സന്ദർശിക്കൽ, കായികവിനോദങ്ങൾ—അങ്ങനെ ഒഴിവുകാലത്തു മിക്കവർക്കും വളരെയൊന്നും ഒഴിവുകിട്ടിയെന്നു വരില്ല. എങ്കിലും, ഒഴിവുകാലത്തെ ഈ പണിത്തിരക്കു മനുഷ്യരിൽ പുതിയൊരു ജീവിതചൈതന്യം നിറയ്ക്കുന്നു. അവരുടെ മനസ്സിൽ അടിഞ്ഞുകൂടിയ മടുപ്പു് തുടച്ചുമാററുന്നു. അടുത്ത പതിനൊന്നു മാസങ്ങളിൽ പഴയ പരിചിതമായ, പണികളൊക്കെ പുതിയ ഉന്മേഷത്തോടെ ചെയ്യാൻ അതു കഴിവു നല്കുന്നു.

മദ്ധ്യവേനലവധി നമ്മുടെ നാട്ടിലും കുടുംബങ്ങൾക്കു കിട്ടാറാക്കണം.

അതിനു സ്കൂളുകളിലും കോളേജുകളിലും പരീക്ഷകൾ ഒരേ കാലത്തു നടത്തണം. ഒരേ കാലത്തായിരിക്കണം സ്കൂളുകൾക്കും കോളേജുകൾക്കും വെക്കേഷൻ.

പ്രാധാന്യമുള്ള ഈ പ്രശ്നത്തിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അധികൃതരുടെയും ശ്രദ്ധ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(14 മാർച്ച്, 1982)

## 99. 'ശരാശരി'യേക്കാൾ താഴെ

ഒരു ക്ലാസ്സിൽ അമ്പതു കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. ഈ അമ്പതു പേരിൽ ഒരാളും മറെറാരാളെപ്പോലെ ആയിക്കൊള്ളണമെന്നില്ല. ജന്മസിദ്ധമായ പ്രതിഭ അവരിലോരോരുത്തരിലും ഓരോ വിധത്തിലേ ആയിരിക്കൂ. ഓരോരുത്തരുടെയും ജീവിതാനുഭവങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഇതിൻഫലമായി അവരുടെ സ്വഭാവത്തിലും പഠനസമ്പ്രദായത്തിലും എല്ലാം വ്യത്യാസമുണ്ടാകാതെ തരമില്ല.

ഇതിനർത്ഥം ക്ലാസ് മുറികളിൽ 'ശരാശരി' (ആവറേജ്) എന്ന ഒന്നു് ഇല്ലെന്നാണ്. 'ശരാശരി' വിദ്യാർത്ഥി എന്നതു് ഒരു സങ്കല്പനം മാത്രമാണ്. യഥാർത്ഥത്തിൽ ഉള്ളതു വ്യത്യസ്തരായ അമ്പതു വ്യക്തികൾ മാത്രം.

എങ്കിലും വളരെയേറെ കുട്ടികൾ ഉൾക്കൊള്ളുന്ന ഒരു ക്ലാസ്സിൽ ഓരോരുത്തരെയും വെവ്വേറെ പഠിപ്പിക്കുക സാദ്ധ്യമല്ല. 'ശരാശരി'യുടെ അടിസ്ഥാനത്തിൽ മാത്രമേ അദ്ധ്യാപനം സാദ്ധ്യമാവുകയുള്ളു. 'ശരാശരി' വിദ്യാർത്ഥിക്കു മനസ്സിലാകും വിധത്തിലായിരിക്കും സിലബസ്സും കരിക്കുലവും നിശ്ചയിക്കുന്നതു്. 'ശരാശരി' വിദ്യാർത്ഥിയെ ഉദ്ദേ